# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 566** 22-05-2017-ൽ മറുപടി നൽകേണ്ടത്

## വിദ്യാഭ്യാസ വായ്പയെടുത്ത് ഉന്നത വിദ്യാഭ്യാസം നേടിയവരുടെ പ്രശ്നങ്ങൾ

ചോദ്യം

ശ്രീ.പി. ടി. എ റഹീം
ശ്രീ. റ്റി. വി. രാജേഷ്
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ഐ. ബി. സതീഷ്

:

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) മുൻകാലങ്ങളിലെ യു.ഡി.എഫ് സർക്കാരുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് ദീർഘവീക്ഷണമില്ലാതെ വാണിജ്യതാല്പര്യ സംരക്ഷണാർത്ഥം ഇടപെട്ടതിന്റെ ഫലമായി സംസ്ഥാനത്ത് മാനവവിഭവശേഷി സൃഷ്ടിദേശതാല്പര്യാനുസൃതം സാധ്യമായിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ വേണ്ട നയരൂപീകരണം നടത്തുമോ; | എ) ദീർഘവീക്ഷണത്തോടു കൂടിയ ഒരു കർമ്മ പദ്ധതി നിലവിലില്ല എന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഫലപ്രദമായ മാനവവിഭവശേഷി വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ദീർഘകാല പദ്ധതികൾ, സർക്കാരിന്റെ നയപരമായ തീരുമാനത്തിനു വിധേയമായി രൂപീകരിച്ചു വരുന്നുണ്ട്. |
| ബി) വൻതുക വായ്പയെടുത്ത് ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് | ബി) വൻതുക വായ്പയെടുത്ത് ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് |

| | |
|---|---|
| പരിശീലനത്തിനും യോഗ്യതയ്ക്കും അനുസൃതമായ ന്യായമായ വേതനം ലഭിക്കുന്ന തൊഴിൽ ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എല്ലാവർക്കും പരിശീലനത്തിനും യോഗ്യതയ്ക്കും അനുസൃതമായ തരത്തിലുള്ള വേതനം ലഭിക്കുന്ന തൊഴിൽ ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്, എങ്കിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്ലേസ്മെന്റ് പ്രവർത്തനങ്ങളിൽ യോഗ്യതാ മാനദണ്ഡങ്ങളനുസരിച്ചുള്ള തൊഴിൽ, വേതനം ഇവ ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നുണ്ട്. |
| സി) വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയ പാവപ്പെട്ടവരെ സർഫെയ്സി നിയമപ്രകാരം കിടപ്പാടം നഷ്ടപ്പെടുന്ന തരത്തിലുള്ള നടപടികളിൽ നിന്നും രക്ഷിക്കുന്നതിനായി നടപ്പിലാക്കിയ 900 കോടി രൂപയുടെ കടാശ്വാസ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് പറയുമോ? | സി) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (Educational Loan Repayment Support Scheme) സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 16-05-2017-ലെ ജി. ഒ. (പി) നം. 65/ 2017/ധന ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |

താഴെപ്പറയുന്ന രണ്ട് വിഭാഗത്തിൽപ്പെടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

**എ. (i) <u>9 ലക്ഷം രൂപ വരെ വായ്പകൾ അനുവദിച്ചിട്ടുള്ള നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾ (സ്റ്റാൻഡേർഡ് അക്കൗണ്ടുകൾ).</u>**

01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയവർക്ക് മാത്രമേ തിരിച്ചടവ് സഹായം ലഭ്യമാകുകയുള്ളൂ. വായ്പാ തിരിച്ചടവ് അവധിക്കു ശേഷമുള്ള 01.04.2016 മുതലുള്ള വാർഷിക തിരിച്ചടവ് സർക്കാരും വായ്പയെടുത്തയാളും കൂടിചേർത്ത് ചുവടെ വ്യക്തമാക്കിയിട്ടുള്ള അനുപാതത്തിൽ തിരിച്ചടവ് നടത്തുന്നതാണ്.

| വർഷം | വിഹിത അനുപാതം | |
|---|---|---|
| | സംസ്ഥാന സർക്കാർ | വായ്പയെടുത്തയാൾ |
| 1-ാം വർഷം | 90% | 10% |
| 2-ാം വർഷം | 75% | 25% |
| 3-ാം വർഷം | 50% | 50% |
| 4-ാം വർഷം | 25% | 75% |

**ii. <u>(എ) 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 4 ലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ</u>**

വായ്പയെടുത്തയാൾ വായ്പാതുകയുടെ 40% മുൻകൂറായി അടക്കുകയും പ്രസ്തുത വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ

പലിശയും ബാങ്ക് ഇളവ്ചെയ്തു കൊടുക്കുകയും ചെയ്യുന്ന പക്ഷം ബാക്കിവരുന്ന 60% സർക്കാർ നൽകിക്കൊണ്ട് ലോൺ ക്ലോസ് ചെയ്യുന്നതിന് വായ്പയെടുത്തയാളെ സർക്കാർ സഹായിക്കുന്നതാണ്.

**ii. (ബി) <u>31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 4 ലക്ഷത്തിന് മേൽ 9 ലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾ</u>**

ഒരു സ്പെഷ്യൽ പാക്കേജിലൂടെ ഇത്തരം ലോൺ അക്കൗണ്ടുകൾ ക്ലോസുചെയ്യാൻ ബാങ്കുകൾ തയ്യാറാകുന്ന പക്ഷം കുടിശ്ശികയായ മുതലിന്റെ 50%, (പരമാവധി 2,40,000 രൂപവരെ) സർക്കാർ സഹായം നൽകുന്നതായിരിക്കും. ബാക്കി നിൽക്കുന്ന വായ്പാ കുടിശ്ശിക തിരിച്ചടക്കുന്നതിനായി, തിരിച്ചടവ് കാലാവധി അവശേഷിക്കുന്ന പക്ഷം, ബാങ്ക് വായ്പാ പുനഃക്രമീകരിച്ചു നൽകുന്നതായിരിക്കും. അല്ലാത്ത പക്ഷം കുടിശ്ശിക നിൽക്കുന്ന തുക മുഴുവനായും വായ്പയെടുത്തയാൾ തിരിച്ചടക്കേണ്ടതാണ്.

**(ബി)** വായ്പയുടെ മേൽ ഈടാക്കിയ മുഴുവൻ പലിശയും ബാങ്ക് ഇളവ്ചെയ്തു കൊടുക്കുന്ന പക്ഷം വിദ്യാഭ്യാസവായ്പയുടെ കാലയളവിൽ മരണപ്പെട്ടു പോയതോ, അപകടം മൂലം ശാരീരികമായോ മാനസികമായോ വൈകല്യം നേരിടുകയോ ചെയ്ത വിദ്യാർത്ഥികളുടെ മുഴുവൻ വായ്പാ തുകയും സർക്കാർ നൽകുന്നതായിരിക്കും.

- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീമിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

- മാനേജ്മെന്റ് /എൻ. ആർ. ഐ ക്വോട്ട, അംഗീകൃതമല്ലാത്തസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.

- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരാണ്.

- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടാ യിരിക്കുന്നതല്ല.

- ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ആദ്യത്തെ ഗ്രാജുവേറ്റ് /പോസ്റ്റ് ഗ്രാജുവേറ്റ് / ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

- 01.04.2016 ൽ വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തി ൽ കവിയാത്ത, വായ്പയെടുത്ത വിദ്യാർത്ഥികൾക്കു മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% അംഗപരിമിതിയുള്ളവർക്ക് ഉയർന്ന വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

കുടുംബ വാർഷിക വരുമാനം, വായ്പാ പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിക്കുള്ള ആനുകൂല്യത്തിന് വിദ്യാർത്ഥികൾ അർഹരാകു ന്നത്. ആയതിനാ ൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാകു ന്ന മുറയ്ക്കു മാത്രമേ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുമെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**